(11) നൂറനാട് കുഷ്ഠരോഗാശുപത്രി ജനറൽ ആശുപത്രിയായി ഉയർത്താൻ നടപടി

ശ്രീ. പി. കെ. കുമാരൻ : സർ, മദ്ധ്യ തിരുവിതാംകൂറിലെ ആദ്യകാല അലോപ്പതി ചികിത്സാ കേന്ദ്രങ്ങളിൽ ഒന്നായ നൂറനാട് ലെപ്രസി സാനിട്ടോറിയവും അതിനോട് ചേർന്നുള്ള ഔട്ട് പേഷ്യന്റ് വിഭാഗവും ഉൾപ്പെടുത്തി ഒരു ജനറൽ ആശുപത്രിയായി ഉയർത്തണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. 1935-ലാണ് നൂറനാട് കുഷ്ഠരോഗാശുപത്രി നിലവിൽ വന്നത്. അന്ന് തിരുവനന്തപുരം ഊളൻപാറയിൽ പാർത്തിരുന്ന കുഷ്ഠരോഗികളെ ദിവാൻ സർ. രാമസ്വാമി അയ്യരുടെ നിർദ്ദേശാനുസരണം വാഹനത്തിൽ കയറ്റി കൊണ്ടുവന്ന് നൂറനാട് വിജനമായ പ്രദേശത്ത് താമസിപ്പിക്കുകയായിരുന്നു. ഇവിടെ കുഷ്ഠരോഗ ബാധിതരെ താമസിപ്പിക്കുന്നതിൽ ആ പ്രദേശത്തുള്ള ആളുകൾക്ക് എതിർപ്പുണ്ടായതിനെ തുടർന്ന് അവരെ അനുനയിപ്പിക്കുന്നതിനും അതവിടെ തുടർന്നുപോകുന്നതിനും വേണ്ടിയാണ് പുറത്തുള്ള ആളുകൾക്ക് കൂടി ചികിത്സാ സൗകര്യം ഉറപ്പാക്കി ഒരു ഔട്ട് പേഷ്യന്റ് വിഭാഗം അവിടെ ആരംഭിച്ചത്. മദ്ധ്യ തിരുവിതാംകൂറിലെ തന്നെ ആദ്യ വിഷചികിത്സാകേന്ദ്രങ്ങളിൽ ഒന്നായി അവിടം മാറിയിരുന്നു. വിദേശികളായ കന്യാസ്ത്രീകൾ കുഷ്ഠരോഗികളെ പരിചരിക്കാൻ ആശുപത്രിയിൽ ഉണ്ടായിരുന്ന വേളയിൽ അവർ അവരുടെ നാട്ടിൽനിന്നും വാക്സിൻ വരുത്തി വിഷ ചികിത്സ നടത്തിയിരുന്നു. അവർ തിരികെ പോയതോടെ ആശുപത്രിയിൽ വിഷചികിത്സയും നിലച്ചു. ശസ്ത്രക്രിയ ഉൾപ്പെടെ പ്രധാന ചികിത്സാവിധികൾ നടത്തിയിരുന്ന ലെപ്രസി സാനിട്ടോറിയം അതിനോടനുബന്ധിച്ചുള്ള തിയേറ്റർ തന്നെയായിരുന്നു അതിന് ഉപയോഗിച്ചിരുന്നത്. സാനിട്ടോറിയത്തിന് നിലവിൽ തിരുവനന്തപുരം കോർപ്പറേഷനിൽ നിന്നും 42 വാർഡുകളാണ് പണിഞ്ഞുകൊടുത്തിട്ടുള്ളത്. അവിടെ ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ഓപ്പറേഷൻ തീയേറ്റർ ഉണ്ട്. രോഗികളുടെ എണ്ണമനുസരിച്ച് 1200 ഓളം ജീവനക്കാരെ അവിടെ നിയമിച്ചിട്ടുണ്ട്. ഇപ്പോൾ അവിടെ ഏതാണ്ട് 600 ഓളം ജീവനക്കാർ മാത്രമാണുള്ളത്. അന്നു നിയമിച്ച ജീവനക്കാരും അതിനുപുറമേ രോഗം ഭേദമായി ലെപ്രസി പേഷ്യന്റ് എംപ്ലോയീസ് എന്ന പേരിൽ അറിയപ്പെടുന്ന ജീവനക്കാരും ഉൾപ്പെടെ ആവശ്യത്തിനുള്ള ജീവനക്കാർ അവിടെയുണ്ട്. അതിനുപുറമേ രോഗബാധിതരെ പരിചരിക്കുന്നതിന് കന്യാസ്ത്രീകൾ അവിടെ നിലവിലുണ്ട്. ഈ നിലയിൽ ഇത് ജനറൽ ആശുപത്രിയായി ഉയർത്തുന്നതിനുള്ള എല്ലാ സാദ്ധ്യതകളും ഉണ്ട്. മിക്ക ജനറൽ ആശുപത്രികളിലും ഇല്ലാത്ത നേഴ്സിംഗ് സൂപ്രണ്ട് തസ്തിക അവിടെയുണ്ട്. ഡെപ്യൂട്ടി ഡയറക്ടറുടെ റാങ്കിൽ ഉള്ള സാനിട്ടോറിയം മെഡിക്കൽ സൂപ്രണ്ടിന്റെ പദവിയിലുള്ള ലെപ്രസി ട്രെയിനിംഗ് ഇൻസ്പെക്ടറും ആർ.എം.ഒ.യും മറ്റ് ഡോക്ടർമാരുമുണ്ട്. ഈ നിലയിൽ ആവശ്യത്തിന് ജീവനക്കാരുണ്ട്. ആലപ്പുഴ ജില്ലയിൽ തെക്കു കിഴക്കൻ മേഖലയും പത്തനംതിട്ട ജില്ലയിൽ പടിഞ്ഞാറൻ-തെക്കൻ മേഖലയും കൊല്ലം ജില്ലയിൽ വടക്കൻ മേഖലയും ഉൾപ്പെടുന്ന ഈ പ്രദേശത്ത് മറ്റ് ആശുപത്രി സൗകര്യങ്ങൾ ഒന്നുമില്ല. ഇന്ന് അതിനാവശ്യമായ ഭൂമിയും കെട്ടിടങ്ങളും മറ്റ് സൗകര്യങ്ങളും എല്ലാമുണ്ട്. ആ നിലയിൽ ഇതിനെ ഒരു ജനറൽ ആശുപത്രിയായി ഉയർത്തുന്നതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കണം എന്ന് വിനയപൂർവ്വം അപേക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ) : സർ, ഓരോന്നിലും 12 മുതൽ 15 വരെ വീതം കിടക്കകൾ ഇടാവുന്നതും അടുക്കളയും മറ്റും ചേർന്നതുമായ 55 ചെറിയ കെട്ടിടങ്ങൾ ചേർന്നതാണ് നൂറനാട് കുഷ്ഠരോഗ ആശുപത്രി. ഈ കെട്ടിടങ്ങൾക്ക് 60 കൊല്ലത്തിലേറെ പഴക്കമുണ്ട്. ഈ കെട്ടിടങ്ങൾ കൂടാതെ 50 കിടക്കകൾ വീതം ഇടാവുന്ന സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേകമായി സജ്ജീകരിച്ചിട്ടുള്ള രണ്ട് വാർഡുകളും ഉണ്ട്. ആകെ അന്തേവാസികളുടെ എണ്ണം 572 ആണ്. ഇവിടെ 6 ഡോക്ടർമാരടക്കം 49 ജീവനക്കാർ സേവനമനുഷ്ഠിക്കുന്നു. കൂടാതെ 59 പേഷ്യന്റ് എംപ്ലോയിയും 4 ഓണററി നേഴ്സിംഗ് സിസ്റ്റേഴ്സും ഇവിടെ ജോലി ചെയ്യുന്നുണ്ട്: ഇവിടത്തെ അന്തേവാസികളുടെ ചികിത്സയ്ക്കും പ്രചരണത്തിനുമായി അനുവദിച്ച സ്റ്റാഫിന്റെ സേവനം ഉപയോഗിച്ച് വർഷങ്ങളായി ഒരു ജനറൽ ഒ.പി.യും ഐ.പി. വിഭാഗവും പ്രവർത്തിക്കുന്നു. കഴിഞ്ഞ വർഷം 38,787 പേരെ ഓ.പി.യായി ചികിത്സിക്കുകയും ചെയ്തിട്ടുണ്ട്. ഒരു ജനറൽ ആശുപത്രിക്ക് പറ്റിയ കെട്ടിടങ്ങളും മറ്റ് സൗകര്യങ്ങളും അവിടെ നിലവിലില്ല. മാത്രമല്ല കുഷ്ഠരോഗ നിവാരണത്തിന് ഊന്നൽ നൽകിക്കൊണ്ട് സ്ഥാപിച്ച ആശുപത്രിയായതിനാലും ആലപ്പുഴ ജില്ലയിൽ മെഡിക്കൽ കോളേജ് ആശുപത്രിയും ജില്ലാ ആശുപത്രിയും സ്ത്രീകൾക്കും കുട്ടികൾക്കുമായുള്ള ആശുപത്രിയും താലൂക്ക് ആശുപത്രിയും നിലവിൽ ഉള്ളതുകൊണ്ട് നൂറനാട് കുഷ്ഠരോഗാശുപത്രിയെ ജനറൽ ആശുപത്രിയായി ഉയർത്താനുള്ള നിർദ്ദേശം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

(12) കേരള സ്റ്റേറ്റ് സർവ്വീസ് പെൻഷനേഴ്സ് യൂണിയൻ 9-03-2000-ൽ നടത്തുന്ന നിയമസഭാ മാർച്ച്

ശ്രീ. കെ. ബാബു : സർ, സംസ്ഥാനത്തെ രണ്ട് ലക്ഷത്തോളം പെൻഷൻകാരെ പ്രതിനിധീകരിക്കുന്ന കേരള സ്റ്റേറ്റ് സർവ്വീസ് പെൻഷനേഴ്സ് യൂണിയൻ ഇന്ന് നിയമസഭാ മാർച്ച് നടത്തുകയാണ്. സംസ്ഥാനത്തെ പെൻഷൻകാർക്കു വേണ്ടി കാലോചിതമായി ഒരു പെൻഷൻ നിയമത്തിന് രൂപം നൽകണം. അതുപോലെ ദീർഘകാലമായി പെൻഷൻകാരുമായി സംസാരിച്ച് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് രൂപം നൽകിയ ഒരു ക്ഷേമനിധി പദ്ധതി ഇന്ന് സർക്കാരിന്റെ കൈവശമുണ്ട്, അത് നടപ്പിലാക്കുക. പെൻഷൻകാരുടെ സംഘടനാ പ്രതിനിധികളുമായി ചർച്ച ചെയ്ത് രൂപം നൽകിയ ചികിത്സാ പദ്ധതി ഇപ്പോൾ സർക്കാരിന്റെ കൈവശമുണ്ട്, അത് നടപ്പിലാക്കുക. അതുപോലെ ബോണസിന്റെ കാര്യത്തിൽ പെൻഷൻകാർക്ക് നിശ്ചിത ദിവസങ്ങളിലെ പെൻഷൻ ബോണസായി നൽകുക, 21-7-1999-ൽ നിയമസഭയിൽ അങ്ങ് തന്നെ ബോണസിന്റെ കാര്യത്തിൽ ഒരു പ്രഖ്യാപനം നടത്തിയിട്ടുണ്ട്, അത് നടപ്പിലാക്കുക, പെൻഷൻ പരിഷ്ക്കരണത്തിൽ വന്നിട്ടുള്ള അപാകതകൾ പരിഹരിക്കുക തുടങ്ങിയ ആവശ്യങ്ങളാണ് ഉന്നയിച്ചിരിക്കുന്നത്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ തെരഞ്ഞെടുപ്പ് മാനിഫെസ്റ്റോയിൽ പേജ് നമ്പർ 21-ൽ 11-ാമത്തെ ഐറ്റം ആയിട്ട് പെൻഷനെപ്പറ്റി കൊടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly